പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 134

# 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 134

# 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

1045/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 134

# 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 സെപ്റ്റംബർ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (സി) ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“(സിഎ) "ജില്ലാ പരാതിപരിഹാര കമ്മിറ്റി" എന്നാൽ ആക്റ്റിന്റെ 13 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ പരാതി പരിഹാരകമ്മിറ്റി എന്നർത്ഥമാകുന്നു;

(സിബി) " നിയുക്ത ഉദ്യോഗസ്ഥൻ" എന്നാൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ അനുമതികളോ അതിന്റെ പുതുക്കലോ ലഭിക്കുന്നതിനോ അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഏതൊരാൾക്കും സേവനം നൽകുന്നതിനായി, 2-ാം വകുപ്പിന്റെ (എ) ഖണ്ഡത്തിൽ വ്യക്തമാക്കിയ പ്രകാരമുള്ള അധികാരസ്ഥാനം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു";

(ii) 'എൽ' ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എൽഎ) "സേവനം" എന്നാൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോവേണ്ടി വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ ആവശ്യമായ ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ അനുമതികളോ ലഭിക്കുന്നതിനോ അവയുടെ പുതുക്കലിനോ അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യത്തിനോ വേണ്ടി ഏതൊരാളും സമർപ്പിച്ച അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നിയുക്ത അധികാരസ്ഥാനം ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്ത പ്രകാരമുള്ള കാലയളവിനുള്ളിൽ നിർവ്വഹിക്കേണ്ട പ്രവൃത്തിയോ സ്വീകരിക്കേണ്ട തീരുമാനമോ എന്നർത്ഥമാകുന്നു";

(iii) (ഒ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(പി) "സംസ്ഥാന പരാതിപരിഹാര കമ്മിറ്റി" എന്നാൽ ആക്റ്റിന്റെ 13 സി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന പരാതി പരിഹാര കമ്മിറ്റി എന്നർത്ഥമാകുന്നു.".

3. അദ്ധ്യായം II-ന് ശേഷം പുതിയ അദ്ധ്യായം ചേർക്കൽ.—പ്രധാന ആക്റ്റിലെ, അദ്ധ്യായം II-നു ശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം II എ

ജില്ലാ പരാതിപരിഹാര കമ്മിറ്റിയും സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയും

13 എ. ജില്ലാ പരാതിപരിഹാര കമ്മിറ്റി.—(1) സർക്കാരിന്, മൂലധന നിക്ഷേപം അഞ്ചുകോടി രൂപ വരെയുള്ള വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ

ആധുനികവത്ക്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ ലഭിക്കുന്നതിനോ അതിന്റെ പുതുക്കലിനോ അതുമായി ബന്ധപ്പെട്ടതോ, ആയ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഒരാൾക്ക്, ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സേവനങ്ങൾ നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും, അപ്രകാരമുള്ള ആളുകളുടെ പരാതി ഫലപ്രദമായ രീതിയിൽ പരിഹരിക്കുന്നതിനും, മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ, അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, സേവനം നൽകുന്നതിൽ വീഴ്ചവരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള ആവശ്യത്തിലേക്കായും ജില്ലാതലത്തിൽ ഒരു ജില്ലാ പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

(2) ഓരോ ജില്ലാ പരാതിപരിഹാര കമ്മിറ്റിയിലും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലാ കളക്ടർ;

(ബി) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം;

(സി) റീജിയണൽ ഡയറക്ടർ, നഗരകാര്യം;

(ഡി) ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്;

(ഇ) ജില്ലാ ലേബർ ഓഫീസർ;

(എഫ്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ;

(ജി) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ;

(എച്ച്) ചെയർമാന് യുക്തമെന്ന് കരുതുന്ന പ്രകാരം, അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ ജില്ലാതല ഓഫീസർ.

(3) ജില്ലാ കളക്ടർ ജില്ലാ പരാതിപരിഹാര കമ്മിറ്റിയുടെ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ കൺവീനറും ആയിരിക്കുന്നതാണ്.

(4) ജില്ലാ പരാതിപരിഹാര കമ്മിറ്റി എല്ലാ മാസവും, കുറഞ്ഞത് ഒരു പ്രാവശ്യം, ചെയർമാൻ തീരുമാനിക്കുന്ന സമയത്ത് യോഗം ചേരേണ്ടതാണ്. ഒരു മാസത്തിലെ ആദ്യയോഗം ആ മാസത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെയായിരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ച നടപടിക്രമം കമ്മിറ്റിയുടെ ചെയർമാൻ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

13 ബി. ജില്ലാ പരാതിപരിഹാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സേവനം നൽകുന്നതിൽ ഒരു നിയുക്ത ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും ഫാറത്തിലും, അപ്രകാരം കാലതാമസം വരുത്തുകയോ വീഴ്ചവരുത്തുകയോ ചെയ്ത സേവനത്തിന്റെ സ്വഭാവം വ്യക്തമാക്കിക്കൊണ്ട്, പ്രസ്തുത സമയപരിധി അവസാനിച്ച് മുപ്പത് ദിവസങ്ങൾക്കുള്ളിൽ ജില്ലാ പരാതി പരിഹാര കമ്മിറ്റിയുടെ കൺവീനർക്ക് ഒരു അപേക്ഷ, ഓൺലൈൻ ആയോ മറ്റ് വിധത്തിലോ, സമർപ്പിക്കാവുന്നതാണ് :

എന്നാൽ, അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിന് അപേക്ഷകന് മതിയായ കാരണം ഉണ്ടായിരുന്നു എന്ന് പ്രസ്തുത കമ്മിറ്റിയുടെ കൺവീനർക്ക് ബോദ്ധ്യമാകുന്നപക്ഷം, മുപ്പതു ദിവസക്കാലാവധി കഴിഞ്ഞതിനുശേഷം സമർപ്പിക്കുന്ന അപേക്ഷയും സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുമ്പോൾ, കൺവീനറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകന് യഥാവിധി കൈപ്പറ്റ് രസീത് നൽകേണ്ടതും കൺവീനർ, ലഭിച്ച അപേക്ഷകളുടെ രജിസ്റ്റർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച അപേക്ഷയിന്മേൽ, അപേക്ഷ ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം കൺവീനർ, നിയുക്ത ഉദ്യോഗസ്ഥനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും, ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥൻ ഏഴ് ദിവസങ്ങൾക്കകം അപ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നൽകേണ്ടതും അപ്രകാരമുള്ള റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ചതിനും ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനും അപേക്ഷകനും പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനും ശേഷം പ്രസ്തുത കമ്മിറ്റി നിയുക്ത ഉദ്യോഗസ്ഥനോട് ഒരു നിശ്ചിത സമയത്തിനകം സേവനം നൽകുവാൻ നിർദ്ദേശിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്തുകൊണ്ട്

അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അപേക്ഷ തീർപ്പാക്കേണ്ടതും എഴുതി രേഖപ്പെടുത്തിയ കാരണങ്ങൾ സഹിതം, അതിന്മേലുള്ള തീരുമാനം ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനെയും അപേക്ഷകനെയും അറിയിക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള സമയത്തിനകം തീർപ്പാക്കാത്ത അപേക്ഷകൾ, ജില്ലാ പരാതിപരിഹാര കമ്മിറ്റിയുടെ ചെയർമാൻ പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷകൾ തീർപ്പാക്കാതിരുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് സംസ്ഥാന പരാതിപരിഹാരകമ്മിറ്റിക്ക് അയക്കേണ്ടതും, ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷകളുടെ സംഗതിയിൽ, ജില്ലാ പരാതിപരിഹാര കമ്മിറ്റി തീർപ്പാക്കാത്ത അപേക്ഷകൾ ഓൺലൈനായി സംസ്ഥാനപരാതി പരിഹാര കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതും അപ്രകാരമുള്ള അപേക്ഷകൾ സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയിൽ സമർപ്പിച്ച അപ്പീലുകളായി കരുതപ്പെടുന്നതും അപ്പീൽ തീർപ്പാക്കുന്നതിന് 13 ഇ വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

13 സി. സംസ്ഥാന പരാതിപരിഹാര കമ്മിറ്റി.—(1) സർക്കാരിന്, അഞ്ച് കോടി രൂപയിലധികം മൂലധനനിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോവേണ്ടി വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ ലഭിക്കുന്നതിനോ അതിന്റെ പുതുക്കലിനോ അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഏതൊരാൾക്കും ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനം നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും, അപ്രകാരമുള്ള ആളുകളുടെ പരാതി ഫലപ്രദമായി പരിഹരിക്കുന്നതിനും, മതിയായതും ന്യായമായതുമായ കാരണം കൂടാതെ അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സേവനം നൽകുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി, സംസ്ഥാനതലത്തിൽ ഒരു സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

(2) സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) വ്യവസായവകുപ്പിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(സി) നിയമസെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഔദ്യോഗികസ്ഥാനം വഹിച്ചിരുന്ന, സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ഒരാൾ;

(ഇ) ലാന്റ് റവന്യൂ കമ്മീഷണർ;

(എഫ്) ലേബർ കമ്മീഷണർ;

(ജി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ;

(എച്ച്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ;

(ഐ) ഫാക്ടറികളും ബോയിലറുകളും വകുപ്പ് ഡയറക്ടർ;

(ജെ) വ്യവസായ ഡയറക്ടർ;

(കെ) ചെയർമാന് യുക്തമെന്ന് കരുതുന്ന പ്രകാരം, അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ.

(3) (2)-ാം ഉപവകുപ്പിലെ (ഡി) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ ഔദ്യോഗിക കാലാവധി മൂന്ന് വർഷമോ അല്ലെങ്കിൽ പ്രസ്തുത സ്ഥാനത്തേക്ക് മറ്റൊരാളെ സർക്കാർ അംഗമായി നിയമിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ആയിരിക്കുന്നതാണ്. അപ്രകാരം നിയമിക്കപ്പെടുന്ന അംഗത്തിന്റെ സേവനവും വേതനവും സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ ഉത്തരവ്മൂലം നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ ചെയർമാനെയും കൺവീനറെയും കമ്മിറ്റിയുടെ അംഗങ്ങളിൽ നിന്നും സർക്കാർ നിശ്ചയിക്കുന്നതാണ്. സംസ്ഥാന പരാതി പരിഹാരകമ്മിറ്റി, ചെയർമാൻ തീരുമാനിക്കുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും, ഓരോ മാസവും കുറഞ്ഞത് ഒരു പ്രാവശ്യം, യോഗം ചേരേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയുടെ കാര്യനിർവ്വഹണം സംബന്ധിച്ച നടപടിക്രമങ്ങൾ കമ്മിറ്റിയുടെ ചെയർമാൻ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

13 ഡി.<u>സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലക ളും</u>.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ബൈലോയോ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, സേവനം നൽകുന്നതിൽ ഒരു നിയുക്ത ഉദ്യോഗസ്ഥൻ കാലതാമസം വരുത്തുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും ഫാറത്തിലും, അപ്രകാരം കാലതാമസം വരുത്തുകയോ വീഴ്ചവരുത്തുകയോ ചെയ്ത സേവനത്തിന്റെ സ്വഭാവം വ്യക്തമാക്കിക്കൊണ്ട്, പ്രസ്തുത സമയപരിധി അവസാനിച്ച് മുപ്പത് ദിവസങ്ങൾക്കുള്ളിൽ സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയുടെ കൺവീനർക്ക് ഒരു അപേക്ഷ ഓൺലൈൻ ആയോ മറ്റ് വിധത്തിലോ, സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിന് അപേക്ഷകന് മതിയായ കാരണം ഉണ്ടായിരുന്നു എന്ന് സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ കൺവീനർക്ക് ബോദ്ധ്യമാകുന്നപക്ഷം, മുപ്പതു ദിവസക്കാലാവധി കഴിഞ്ഞതിനുശേഷം സമർപ്പിക്കുന്ന അപേക്ഷയും സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുമ്പോൾ കൺവീനറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകന് യഥാവിധി കൈപ്പറ്റ് രസീത് നൽകേണ്ടതും കൺവീനർ ലഭിച്ച അപേക്ഷകളുടെ രജിസ്റ്റർ നിർണ്ണയിക്കപ്പെടുന്ന പ്രകാരത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച അപേക്ഷയിന്മേൽ, അപേക്ഷ ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം കൺവീനർ നിയുക്ത ഉദ്യോഗസ്ഥനിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും, ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥൻ ഏഴ് ദിവസങ്ങൾക്കകം അപ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നൽകേണ്ടതും അപ്രകാരമുള്ള റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ചതിനും ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനും അപേക്ഷകനും പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനും ശേഷം നിയുക്ത ഉദ്യോഗസ്ഥനോട് ഒരു നിശ്ചിത സമയത്തിനകം സേവനം നൽകുവാൻ നിർദ്ദേശിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്തുകൊണ്ട്, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ എഴുതിരേഖപ്പെടുത്തിയ കാരണങ്ങൾ സഹിതം അപേക്ഷ തീർപ്പാക്കേണ്ടതും ആയത് ഉടൻ തന്നെ ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനെയും അപേക്ഷകനെയും അറിയിക്കേണ്ടതുമാണ്.

13 ഇ. <u>സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ അപ്പീൽ അധികാരിത</u>.—(1) ജില്ലാ പരാതിപരിഹാര കമ്മിറ്റിയുടെ ഏതെങ്കിലും തീരുമാനപ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്രകാരമുള്ള തീരുമാനം ജില്ലാ പരാതിപരിഹാര കമ്മിറ്റിയിൽ നിന്നും

ലഭിച്ച ദിവസം മുതൽ മുപ്പത് ദിവസങ്ങൾക്കകം അപ്രകാരമുള്ള തീരുമാനത്തിന് എതിരായി, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള ഫാറത്തിലും, സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള സമയത്തിന് മുമ്പ് അപ്പീൽ സമർപ്പിക്കാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണങ്ങളുണ്ടായിരുന്നു എന്ന് സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് ബോദ്ധ്യമാകുന്ന പക്ഷം മുപ്പത് ദിവസക്കാലയളവിന് ശേഷം സമർപ്പിക്കുന്ന അപ്പീലും സ്വീകരിക്കാവുന്നതാണ്.

(2) സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് ജില്ലാ പരാതിപരിഹാര കമ്മിറ്റിയിൽ നിന്നും നിയുക്ത ഉദ്യോഗസ്ഥനിൽ നിന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും, അപ്രകാരമുള്ള റിപ്പോർട്ടുകൾ, പരിശോധിച്ചതിനു ശേഷവും നിയുക്ത ഉദ്യോഗസ്ഥനും, സങ്കടമനുഭവിക്കുന്ന ആളിനും പറയുവാനുള്ളത് പറയുവാൻ അവസരം നൽകിയതിനു ശേഷവും അപ്രകാരമുള്ള അപ്പീൽ, അത് ബോധിപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്. പ്രസ്തുത അപ്പീലിന്മേലുള്ള സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള സേവനം എന്നതിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ച് എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത വിഷയം സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് സ്വമേധയാ പരിശോധിക്കാവുന്നതും അത് സംബന്ധിച്ച് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്.

(4) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാന പരാതിപരിഹാര കമ്മിറ്റി ഈ വകുപ്പിൻ കീഴിൽ എടുത്ത തീരുമാനം അന്തിമമായിരിക്കുന്നതും, അത് നിയുക്ത അധികാരസ്ഥാനത്തിന് ബാധകമായിരിക്കുന്നതുമാണ്.

(5) സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയുടെ തീരുമാനം, പ്രസ്തുത തീരുമാനം ലഭിച്ച് പതിനഞ്ച് ദിവസക്കാലയളവിനുള്ളിൽ ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥൻ നടപ്പിലാക്കേണ്ടതും, പ്രസ്തുത ഉദ്യോഗസ്ഥൻ അപ്രകാരം നടപ്പിലാക്കാൻ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന പക്ഷം, 13 എഫ് വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള ശിക്ഷയ്ക്ക് അയാൾ വിധേയനാകുന്നതുമാണ്.

(6) അതതുസംഗതിപോലെ, ജില്ലാ പരാതിപരിഹാര കമ്മിറ്റിക്കും അല്ലെങ്കിൽ സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്കും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) രേഖകളും പ്രമാണങ്ങളും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനു വേണ്ടി കമ്മീഷനെ അയയ്ക്കുന്നതിന്.

13 എഫ്. ശിക്ഷ.—സേവനം നൽകുന്നതിൽ ഒരു നിയുക്ത ഉദ്യോഗസ്ഥൻ മതിയായതും ന്യായമായതുമായ കാരണം കൂടാതെ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്തുവെന്ന്, അതതുസംഗതിപോലെ, ജില്ലാ പരാതിപരിഹാര കമ്മിറ്റിയോ അല്ലെങ്കിൽ സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയോ കാണുന്നപക്ഷം, ബന്ധപ്പെട്ട കമ്മിറ്റിയുടെ ചെയർമാന്, രേഖാമൂലമുള്ള ഉത്തരവ് വഴി, നിയുക്ത ഉദ്യോഗസ്ഥന്റെമേൽ, ഓരോ ദിവസത്തേയും കാലതാമസത്തിന് ഇരുന്നൂറ്റി അമ്പത് രൂപ നിരക്കിൽ പതിനായിരം രൂപയിൽ അധികരിക്കാത്ത പിഴ ചുമത്താവുന്നതും നിയുക്ത ഉദ്യോഗസ്ഥന് ബാധകമായ സർവ്വീസ് ചട്ടങ്ങൾക്ക് കീഴിൽ അയാൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശിപാർശ ചെയ്യാവുന്നതുമാണ്:

എന്നാൽ, അപ്രകാരം ശിക്ഷ ചുമത്തുന്നതിന് മുമ്പ് നിയുക്ത ഉദ്യോഗസ്ഥന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.".

4. സാധൂകരണം.—2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് (2022-ലെ 6) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്ന എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും അവയുടെ പുതുക്കൽ ഉൾപ്പെടെ വേഗത്തിൽ നൽകുന്നതിനും വ്യവസായ നഗരപ്രദേശവികസന അധികാരസ്ഥാനങ്ങളുടെ രൂപീകരണത്തിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്തു കൊണ്ടുള്ളതാണ് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് (2000-ലെ 5).

അഞ്ചു കോടിയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്കുകീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കലോ ലഭിക്കുന്നതിനോ, അതുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഒരാൾക്ക് നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സേവനങ്ങൾ നൽകുന്നതിനും അവരുടെ പരാതികൾ പരിഹരിക്കുന്നതിനും കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും വേണ്ടി ജില്ലാതലത്തിൽ ജില്ലാ പരാതിപരിഹാര കമ്മിറ്റിയും പ്രസ്തുത കമ്മിറ്റിയുടെ ഉത്തരവിൻമേൽ അപ്പീൽ അധികാരസ്ഥാനമായി സംസ്ഥാന പരാതിപരിഹാര കമ്മിറ്റിയും രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്തുകൊണ്ട് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) അനുയോജ്യമായി ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് 2021 സെപ്റ്റംബർ 10-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021 സെപ്റ്റംബർ 14-ാം തീയതിയിലെ 2681-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 137-ാം നമ്പർ ഓർഡിനൻസ് ആയി പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് (2021-ലെ 142), 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് (2022-ലെ 6) എന്നിവ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുള്ളതാണ്.

പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം 2022 ആഗസ്റ്റ് 8-ാം തീയതി ഇല്ലാതായിത്തീർന്ന സാഹചര്യത്തിൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടും, പ്രസ്തുത ഓർഡിനൻസ് പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും ഈ ബിൽ ആക്റ്റായി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിയ്ക്കു മുമ്പുവരെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത എല്ലാ കാര്യങ്ങൾക്കും നടപടികൾക്കും സാധൂകരണം നൽകുന്നതിനായുള്ള ഒരു വ്യവസ്ഥ കൂടി ഉൾപ്പെടുത്തിക്കൊണ്ടുമുള്ള കേരള നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന അദ്ധ്യായം IIഎ-യിലെ 13 സി വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ഡി) ഖണ്ഡപ്രകാരം നിയമിക്കപ്പെടുന്ന, സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയിലെ അംഗത്തിന്റെ സേവനവും വേതനവും സംബന്ധിച്ച വ്യവസ്ഥകൾ, സർക്കാർ ഉത്തരവ്മൂലം നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ഇനവുമായി ബന്ധപ്പെട്ട ചെലവുകൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ പ്രമോഷൻ ബജറ്റിൽ നിന്നും വഹിക്കുന്നതും പിന്നീട് സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും തിരികെ നൽകുന്നതുമാണ്. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതിവർഷം 37,56,000 (മുപ്പത്തിയേഴ് ലക്ഷത്തി അമ്പത്തിയാറായിരം) രൂപയുടെ ആവർത്തക ചെലവും 80,000 (എൺപതിനായിരം) രൂപയുടെ അനാവർത്തക ചെലവും ഉണ്ടാകുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡ പ്രകാരം, പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന II എ അദ്ധ്യായത്തിലെ,—

(എ) 13 ബി വകുപ്പ് (1)-ാം ഉപകുപ്പ്,—

(i) ഒരു നിയുക്ത ഉദ്യോഗസ്ഥൻ നൽകേണ്ട സേവനങ്ങൾ നിർണ്ണയിക്കുവാനും, അപ്രകാരം നിർണ്ണയിക്കപ്പെട്ട സേവനങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്നതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ജില്ലാ പരാതി പരിഹാര കമ്മിറ്റിയുടെ കൺവീനർക്ക് അപേക്ഷ നൽകേണ്ട രീതിയും ഫാറവും നിർണ്ണയിക്കുന്നതിനും;

(ii) (2)-ാം ഉപവകുപ്പ്, ജില്ലാ പരാതിപരിഹാര കമ്മിറ്റി കൺവീനർക്ക് ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ രീതിയും ഫാറവും നിർണ്ണയിക്കുന്നതിനും;

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) 13 സി വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, പ്രസ്തുത വകുപ്പിലെ (2)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡപ്രകാരം നിയമിക്കപ്പെടുന്ന അംഗത്തിന്റെ സേവനവും വേതനവും സംബന്ധിച്ച വ്യവസ്ഥകൾ ഉത്തരവ്മൂലം നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(സി) 13 ഡി വകുപ്പ്,—

(i) (1)-ാം ഉപവകുപ്പ് ഒരു നിയുക്ത ഉദ്യോഗസ്ഥൻ നിശ്ചിത സമയപരിധിക്കുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സേവനം നൽകുന്നതിൽ വീഴ്ചവരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്നതുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും സംസ്ഥാന പരാതിപരിഹാര കമ്മിറ്റി മുമ്പാകെ അപേക്ഷ ഫയൽ ചെയ്യേണ്ട രീതിയും ഫാറവും നിർണ്ണയിക്കുവാനും;

(ii) (2)-ാം ഉപവകുപ്പ് സംസ്ഥാന പരാതിപരിഹാര കമ്മിറ്റി കൺവീനർക്ക് ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ രീതിയും ഫാറവും നിർണ്ണയിക്കുന്നതിനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ഡി) 13 ഇ വകുപ്പിന്റെ (1)-ാം ഉപവകുപ്പ് ജില്ലാ പരാതിപരിഹാര കമ്മിറ്റിയുടെ തീരുമാനത്തിനെതിരായി സംസ്ഥാനപരാതി പരിഹാര കമ്മിറ്റിയിൽ സമർപ്പിക്കുന്ന അപ്പീലിന്റെ രീതിയും ഫാറവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

പി. രാജീവ്

# 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിൽ (2000 -ലെ 5) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(സി) "ജില്ലാ ബോർഡ്" എന്നാൽ ഈ ആക്റ്റിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് എന്നർത്ഥമാകുന്നു;

** ** ** **

(എൽ) " പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു;

** ** ** **

(ഒ) " സംസ്ഥാന നിയമം" എന്നാൽ തിരുവിതാംകൂറിന്റെയോ, കൊച്ചിയുടേയോ ഒരു വിളംബരമോ, ആക്റ്റോ, തിരുകൊച്ചിയുടെ ഒരു ആക്റ്റോ, ഓർഡിനൻസോ, കേരള സംസ്ഥാന നിയമ നിർമ്മാണസഭ പാസ്സാക്കിയ ഒരു ആക്റ്റോ അല്ലെങ്കിൽ ഗവർണ്ണർ പുറപ്പെടുവിച്ചതും സംസ്ഥാനത്ത് പ്രാബല്യത്തിലിരിക്കുന്നതുമായ ഒരു ഓർഡിനൻസോ എന്നർത്ഥമാകുന്നതും അതിൽ അത്തരം ഏതെങ്കിലും ആക്റ്റുമൂലമോ ഓർഡിനൻസ് മൂലമോ നൽകപ്പെട്ട ഒരു അധികാരം വിനിയോഗിച്ച് സർക്കാരോ സർക്കാരിന്റെ കീഴിലുള്ള ഒരു അധികാരസ്ഥാനമോ ഉണ്ടാക്കിയ ഒരു ചട്ടമോ, ഉത്തരവോ, ഉപനിയമമോ അല്ലെങ്കിൽ റഗുലേഷനോ ഉൾപ്പെടുന്നതുമാകുന്നു.

** ** ** **

## അദ്ധ്യായം II

## സംസ്ഥാന ബോർഡും ജില്ലാ ബോർഡുകളും വ്യവസായ പ്രദേശ ബോർഡുകളും

3. സംസ്ഥാന ബോർഡ്.—(1)സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ

വിവിധ ലൈസൻസുകളും, ക്ലിയറൻസുകളും, സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനു വേണ്ടി, സർക്കാരിന്, വിജ്ഞാപനംമൂലം സംസ്ഥാനത്ത് കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

** ** ** **

13. ലൈസൻസുകൾ റദ്ദാക്കാനുള്ള സംസ്ഥാന ബോർഡിന്റെ അധികാരം.—(1) സംസ്ഥാന ബോർഡിന്, സ്വമേധയാ ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും നടപടികളെ സംബന്ധിച്ച രേഖകൾ ഏതു സമയത്തും പരിശോധിക്കാവുന്നതും, ഈ ആക്റ്റിൻകീഴിലുള്ള ക്ലിയറൻസോ സർട്ടിഫിക്കറ്റോ ലൈസൻസോ പ്രധാന വസ്തുതകൾ തെറ്റായ രീതിയിൽ ധരിപ്പിച്ചുകൊണ്ടാണ് സമ്പാദിച്ചിട്ടുള്ളതെന്ന് സംസ്ഥാന ബോർഡിന് ബോദ്ധ്യംവന്നാൽ, അതിന്, ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് അവർ നൽകിയ ലൈസൻസോ, സർട്ടിഫിക്കറ്റോ ക്ലിയറൻസോ റദ്ദാക്കാൻ ഉത്തരവ് മുഖേന നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ, ഏതെങ്കിലും ഒരു കക്ഷിയെ ബാധിക്കുന്ന യാതൊരുത്തരവും ആ കക്ഷിക്ക് ഒരു നിവേദനം നൽകുന്നതിനുള്ള അവസരം നൽകാതെ സംസ്ഥാന ബോർഡ് പാസ്സാക്കുവാൻ പാടുള്ളതല്ല.

** ** ** **

(3) (1)-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ അവ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു നടപടിക്രമത്തിന് ബാധകമാകുന്നതുപോലെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടിക്രമത്തിനും ബാധകമാകുന്നതാണ്.

** ** ** **